# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1451.

10.02.2020- ൽ മറുപടിയ്ക്ക്

### കാലാവസ്ഥയ്ക്ക് അനുസൃതമായി കാർഷിക രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുഹമ്മദ് മുഹസിൻ പി. | | ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) | കാലാവസ്ഥയിൽ വന്ന പ്രകടമായ മാറ്റങ്ങൾക്കനുസൃതമായി കൃഷി രീതികൾ പരിഷ്കരിയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന വിശദമാക്കാമോ; | (എ) | 25-05-2019 തീയതിയിലെ സർക്കാർ ഉത്തരവ്(കൈ)നം.66/2019/കൃഷി പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ താഴെ പറയും പ്രകാരം 5 അഗ്രോ ഇക്കോളജിക്കൽ സോൺ (കാർഷിക പാരിസ്ഥിതിക മേഖല)-ആയി പുനർവിഭജിച്ചിട്ടുണ്ട്.<br>AEZ-1 – കോസ്റ്റൽ പ്ലെയിൻ<br>AEZ-2 – മിഡ് ലാൻഡ് ലാറ്ററൈറ്റ്സ്<br>AEZ-3 – ഫുട്ട് ഹിൽസ്<br>AEZ-4 – ഹൈ ഹിൽ<br>AEZ-5 – പാലക്കാട് പ്ലെയിൻസ്<br>കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമാണത്തിനുമായി കൃഷി വകുപ്പിന്റെ നിലവിലുള്ള ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂട്ടുകൾക്കും മാറ്റം വരുത്താതെയും, തദ്ദേശ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതികളും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും, തദ്ദേശ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും ആണ് വിഭജനം നടത്തിയിട്ടുള്ളത്. കൂടാതെ മേൽപറഞ്ഞ സോണുകളെ മണ്ണ്, കാലാവസ്ഥ,ഭൂപ്രകൃതി, കൃഷി സമ്പ്രദായം |

| | | | |
|---|---|---|---|
| | | | മുതലായവ അടിസ്ഥാനമാക്കി 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായി വിഭജിച്ചിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളെല്ലാം മേൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. |
| **(ബി)** | പ്രസ്തുത മാറ്റങ്ങൾക്കനുസൃതമായി അനുയോജ്യമായതും അല്ലാത്തതുമായ കാർഷിക വിളകൾ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം പഠനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ? | **(ബി)** | കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ വിശദമായ പഠനവും ചർച്ചകളും നടത്തിയതിന്റെ അടിസ്ഥാനത്തിൽ അഗ്രോഇക്കോളജിക്കൽ സോൺ ആധാരമാക്കിയുള്ള വിളയിനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സോൺ ആധാരമാക്കി ശുപാർശ ചെയ്യുന്ന വിളയിനങ്ങളുടെ പട്ടിക പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധികരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

# കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കേരളാ പുനർ നിർമ്മാണ പദ്ധതി - അഗ്രോ ഇക്കോളജിക്കൽ സോൺ (കാർഷിക പാരിസ്ഥിതിക മേഖല) ആധാരമാക്കി കേരളത്തില കാർഷിക മേഖലയെ പുനർവിഭജിക്കുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ(കൈ) നം. 66/2019/കൃഷി

തിരുവനന്തപുരം, തീയ്യതി, 25.05.2019.

പരാമർശം. 1. സ.ഉ (പി) നം.19/2019/ആ.സാ.വ തീയ്യതി 23/5/2019
2. സ.ഉ (കൈ) നം.7/2019/ആ.സാ.വ തീയ്യതി 6/3/2019
3. സ.ഉ (കൈ) നം.56/2019/കൃഷി തീയ്യതി 25/3/2019
4. സ.ഉ (കൈ) നം.62/2019/കൃഷി തീയ്യതി 3/5/2019

## ഉത്തരവ്

പ്രളയാനന്തര കേരളത്തെ പുനസൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ നവകേരളം പദ്ധതി പ്രവർത്തനങ്ങൾ സൂചന (1) പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ ആവശ്യമായ സ്ഥാപനതല ചട്ടക്കൂട് രൂപീകരിക്കുക, കാലാവസ്ഥ വ്യതിയാനം കൊണ്ടുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പ്രഹരം ചെറുക്കുന്നതിനുള്ള സ്ഥാപന സാമ്പത്തിക ശേഷി ഉയർത്തുക തുടങ്ങിയ വിവിധ ഉദ്ദേശ്യങ്ങളോടെ വിവിധ വികസന വകുപ്പുകൾ നടപടിക്രമങ്ങൾ നടപ്പിലാക്കുവാൻ സൂചന (2) ലെ സർക്കാർ ഉത്തരവ് പ്രകാരവും നിർദ്ദേശിച്ചിരുന്നു. ഇതിനായി നിർദ്ദേശിച്ചിരുന്ന 8 പ്രവർത്തനങ്ങളിൽ 8-ാമത് പ്രവർത്തനമായ അഗ്രോ ഇക്കോളജിക്കൽ സോണുകളെ അടിസ്ഥാനമാക്കി ദുരന്ത കാലാവസ്ഥ വ്യതിയാന അതിജീവനക്ഷമതയും സുസ്ഥിരതയുമുള്ള കാർഷിക മേഖലാ മാനേജ്മെന്റ് സാദ്ധ്യമാക്കുന്ന സമയബന്ധിത പ്രവർത്തന പദ്ധതി രൂപീകരിച്ചു നടപ്പാക്കേണ്ടതുണ്ട്. ഇതിനായി സൂചന (3), (4) പ്രകാരം കഴിവുറ്റ ഒരു കർമ്മ സമിതി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

കേരളത്തിലെ കാർഷിക മേഖലയെ ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും ജൈവ വൈവിദ്ധ്യത്തിന്റേയും അടിസ്ഥാനത്തിൽ കാർഷിക പാരിസ്ഥിതിക മേഖലകളായി (അഗ്രോ ഇക്കോളജിക്കൽ സോൺസ്) തിരിക്കുന്നതിന് വിവിധ തലങ്ങളിൽ ചർച്ചകളും പഠനങ്ങളും നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ചു. കാർഷിക മേഖലയുടെ സമഗ്രമായ വികസനത്തിനും പ്രളയത്തെ തുടർന്ന് മേഖലയുടെ കാർഷിക പുനർനിർമ്മാണത്തിനുമായി കൃഷി വകുപ്പിന്റെ നിലവിലുള്ള

ഭരണപരമായ അതിർത്തികൾക്കും ചട്ടക്കൂടുകൾക്കും മാറ്റം വരുത്താതെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പിലെ നിലവിലുള്ള രീതിയും സംവിധാനങ്ങളും അതേപടി തുടർന്നുകൊണ്ടും തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും തമ്മിലുള്ള ഏകോപനം ദൃഢമാക്കിക്കൊണ്ടും സർക്കാർ ആരംഭിച്ച നടപടികളുടെ ഭാഗമായി കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി താഴെപറയും പ്രകാരം വിഭജിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| AEZ - 1 | കോസ്റ്റൽ പ്ലയിൻ |
| AEZ - 2 | മിഡ് ലാന്റ് ലാറ്ററേറ്റ് |
| AEZ - 3 | ഫുട്ട് ഹിൽസ് |
| AEZ - 4 | ഹൈ ഹിൽസ് |
| AEZ - 5 | പാലക്കാട് പ്ലയിൻ |

കൃഷി വകുപ്പിനെ അഗ്രോ ഇക്കോളജിക്കൽ സോണുകളുടെ അടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുന്നതിന് താഴെ വിവരിക്കും പ്രകാരമുള്ള കർമ്മപദ്ധതി സമയബന്ധിതമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്

| ക്രമ നം | നടപടി | സമയ പരിധി |
|---|---|---|
| 1 | കൃഷി വകുപ്പിന്റെ മാനവശേഷി പരിശോധിച്ച് മാനവ ശേഷിയെ നിലവിലുള്ള അറിവിന്റേയും കഴിവിന്റേയും അടിസ്ഥാനത്തിൽ പുനർ നിർണ്ണയിച്ച് അവശ്യമെങ്കിൽ അധിക മാനവശേഷി ലഭ്യമാക്കി നിയമനങ്ങൾ, പ്രവർത്തന രീതികൾ എന്നിവയുടെ കരട് പുറപ്പെടുവിക്കുന്നത് | കൃഷി വകുപ്പ് ഇതിനുള്ള പ്രൊപ്പോസൽ 2019 സെപ്റ്റംബർ 30 നകം സമർപ്പിക്കും. |
| 2 | അഗ്രോ ഇക്കോളജിക്കൽ മേഖലകൾ സംബന്ധിച്ച പഠന റിപ്പോർട്ട് വിശദമായ പൊതുചർച്ചയ്ക്ക് വിധേയമാക്കൽ | 2019 സെപ്റ്റംബർ 30 നകം പൂർത്തീകരിക്കും. |
| 3 | കാർഷിക മേഖലയിലെ നിലവിലുള്ള ഇൻഷ്വറൻസ് സംവിധാനം പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട പുതിയ സംവിധാനം ഏർപ്പെടുത്തൽ | 2019 ഡിസംബർ 31 ന് മുൻപ് സർക്കാരിലേയ്ക്ക് റിപ്പോർട്ടും ശുപാർശയും നല്കും. |
| | അഗ്രോ ഇക്കാളജിക്കൽ സോണുകൾ കേന്ദ്രീകരിച്ച് അനുയോജ്യമായ കൃഷി | പരിശീലന ശേഷി |

| | | |
|---|---|---|
| 4 | സമ്പ്രദായം സ്വീകരിക്കുവാൻ കർഷകരെ തയ്യാറാക്കുവാൻ വേണ്ടി കേരള കാർഷിക സർവ്വകാലാശാല അടക്കമുള്ള വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെ ഉപയോഗിച്ച് ആവശ്യമായ പരിശീലനങ്ങളും ബോധവൽക്കരണവും നടത്തൽ. | വികസന പദ്ധതി 2019 ഡിസംബർ 31ന് മുമ്പായി നടപ്പാക്കും. |
| 5 | കേരള കാർഷിക സർവ്വകലാശാലയുടേയും പ്രാദേശിക കേന്ദ്രങ്ങളുടേയും നേതൃത്വത്തിൽ അഗ്രോ ഇക്കോളജിക്കൽ സോണുകൾ സംബന്ധിച്ചും യൂണിറ്റുകൾ സംബന്ധിച്ചും കൂടുതൽ പഠനം നടത്തുകയും അതനു സരിച്ചുള്ള "പാക്കേജ് ഓഫ് പ്രാക്ടീസ്, ക്രോപ്പ് ലെവൽ സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രോട്ടോകോൾസ്" എന്നിവ ഉണ്ടാക്കുകയും ഇതര വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ച് അഗ്രോ ഇക്കോളജിക്കൽ കൃഷിരീതി വികസിപ്പിക്കലും. | 2020 മാർച്ച് 31 നു മുൻപ് പൂർത്തീകരിക്കും. |
| 6 | നിലവിലുള്ള വിള അധിഷ്ഠിത കൃഷി രീതിയോടൊപ്പം അഗ്രോ ഇക്കോളജിക്കൽ മേഖലകൾ കേന്ദ്രീകരിച്ച് കാർഷിക പദ്ധതികളുടെ പുനർ നിർണ്ണയവും വികസനവും നടത്തി ആവശ്യമായ പദ്ധതി ആസൂത്രണവും വിഭവ സമാഹരണവും | 2020 മാർച്ച് 31 ന് മുൻപ് |
| 7 | കൃഷി അധിഷ്ഠിത സേവനങ്ങൾ ഊർജ്ജസ്വല മാക്കുവാൻ വേണ്ടി കൃഷി വകുപ്പ് മുഖാന്തരം കർഷകർക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങളും നേരിട്ടും വേഗതയിലും ലഭ്യമാക്കാൻ ആധുനിക വിവര സാങ്കേതിക വിദ്യയുടേയും മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനത്തിന്റേയും അടിസ്ഥാനത്തിൽ വേഗതയിലും നേരിട്ടും കർഷകർക്ക് സേവനം നൽകൽ. | 2019 ഡിസംബർ 31നു മുമ്പ് പൂർത്തീകരിക്കും. |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ദേവേന്ദ്ര കുമാർ സിംങ്,**

**അഡീഷണൽ ചീഫ് സെക്രട്ടറി &**

**അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ.**

കാർഷികോൽപ്പാദന കമ്മീഷണർ.

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ്)

സെക്രട്ടറി (കാർഷിക വികസന കർഷകക്ഷേമ വകുപ്പ്)

സെക്രട്ടറി (മൃഗസംരക്ഷണ വകുപ്പ്)
വൈസ് ചാൻസലർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാണിക്കര, തൃശ്ശൂർ
വൈസ് ചാൻസലർ, കേരള വെറ്റിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
ചീഫ്( കൃഷി), കേരള സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, മണ്ണ് സംരക്ഷണ പര്യവേഷണ വകുപ്പ്
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ/ജി & എസ്.എസ്.എ), തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

സെക്ഷൻ ഓഫീസർ